# Sree Padmanabha Swamy Temple

Mathilakam Office, Ulsavamadom Building, North Nada,
Fort (PO), Thiruvananthapuram-695023
✆ 0471 2450 233, 2450 031, 93872 59877
🌐 www.spst.in
✉ eospsttvpm@gmail.com | mathilakamofficespst@gmail.com


No:C1/2024/SPST/2829 02.11.2024

## ക്വട്ടേഷൻ നോട്ടീസ്

ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിൽ 2024-ാം മാണ്ട് മണ്ഡലമകരവിളക്ക് കാലത്തോടനുബന്ധിച്ച് ക്ഷേത്രത്തിന്റെ കിഴക്കേനടയിലും , തെക്കേനടയിലും 16.11.2024 മുതൽ 25.01.2025 വരെയുള്ള കാലത്തേക്ക് ക്ഷേത്രത്തിൽ എത്തുന്ന ഭക്തജനങ്ങളുടെ സാധനസാമഗ്രികൾ സൂക്ഷിക്കുന്നതിനായി 20 അടി വീതിയും 60 അടി നീളവും (കിഴക്കേനട), കൂടാതെ 10 അടി വീതിയും 30 അടി നീളവും (തെക്കേനട) മുകളിൽ ഷീററ് പാകിയതും അകത്ത് വെള്ള വിരിച്ചതുമായുള്ള താൽക്കാലിക ക്ലോക്ക് റൂം സാധനസാമഗ്രികൾ കൊണ്ട് വന്ന് നിർമ്മിക്കുന്നതിനായി താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി യോഗ്യരായവരിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നു.

## നിബന്ധനകൾ

1. ക്വട്ടേഷൻ സമർപ്പിക്കുന്നവർ ഇത്തരം പണികൾ ചെയ്ത് പ്രാവീണ്യമുള്ളവരായിരിക്കണം.
2. ഭക്തജനങ്ങളുടെ സാധന സാമഗ്രികൾ സൂക്ഷിക്കാൻ തരത്തിലുള്ള തട്ടുകൾ ടി ക്ലോക്ക് റൂമിന്റെ അകത്ത് നിർമ്മിക്കേണ്ടതും, ഷെഡിന്റെ പിൻഭാഗം മറയ്ക്കേണ്ടതുമാണ്
3. ടി ക്ലോക്ക് റൂമിന്റെ മുന്നിൽ 3 അടി വീതിയുള്ള തട്ട് ഭക്തജനങ്ങളുടെ സാധനസാമഗ്രികൾ എടുത്ത് വയ്ക്കുന്നതിനായി നിർമ്മിക്കേണ്ടതാണ്.
4. 25.01.2025 വരെ നിലനിർത്താൻ തക്ക ഉറപ്പിലായിരിക്കണം ടി താൽക്കാലിക ക്ലോക്ക് റൂം നിർമ്മിക്കേണ്ടത്.
5. ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തി രണ്ട് ദിവസത്തിൽ ഒരിക്കൽ ടി ക്ലോക്ക് റൂം പരിശോധിച്ച് കേടുപാടുകൾ ഉണ്ടെങ്കിൽ ആയത് ഉടൻ തന്നെ പരിഹരിച്ച് നൽകണം.
6. ക്ലോക്ക് റൂം നിർമ്മിച്ച് ആയത് തൃപ്തികരമാണെന്ന് ക്ലോക്ക് റൂം ഇൻചാർജ് നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 50% തുക ആദ്യ ഗഡു ആയി നൽകുന്നതായിരിക്കും. ബാക്കി തുക 25.01.2025ന് ശേഷം ക്ലോക്ക് റൂം അഴിച്ച് മാററുന്ന മുറയ്ക്ക് അനുവദിക്കുന്നതായിരിക്കും.

7. ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതി 11.11.2024 രാവിലെ 10.30 മണി.
8. അന്നേ ദിവസം രാവിലെ 11.00 മണിക്ക് ക്വട്ടേഷൻ സമർപ്പിച്ചവരിൽ അപ്പോൾ സന്നിഹിതരായിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ ക്വട്ടേഷൻ തുറന്ന് പരിശോധിക്കുന്നതും, ഏററവും കുറവ് തുക ക്വാട്ട് ചെയ്ത വ്യക്തിക്ക് ക്വട്ടേഷൻ ഉറപ്പിക്കുന്നതുമാണ്.
9. ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തി അറിയിപ്പ് ലഭിച്ച് അടുത്ത ദിവസം മുതൽ ടി പണികൾ ആരംഭിക്കേണ്ടതും 14.11.2024 വൈകുന്നേരത്തോടു കൂടി പൂർത്തീകരിക്കേണ്ടതുമാണ്.
10. ടി താൽക്കാലിക റാക്കോട് കൂടിയ ഷെഡിന് 25.01.2025 വരെ മേൽ നിബന്ധനകൾ പ്രകാരം റേററ് ക്വാട്ട് ചെയ്യേണ്ടതാണ്.

ക്വട്ടേഷൻ സമർപ്പിക്കുന്ന സീൽ ചെയ്ത കവറിന് പുറത്ത് **"ക്ലോക്ക് റൂമിനുള്ള ക്വട്ടേഷൻ"** എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.

എക്സിക്യൂട്ടീവ് ഓഫീസർ

സ്വീകർത്താവ് : വെബ്സൈററ് (C3 സെക്ഷൻ), നോട്ടീസ് ബോർഡ്, നാലു നടകളിലും

**പകർപ്പ്:എ.ഓ. എഫ്.എ.ഓ, മാനേജർ, അസ്സി:അക്കൗണ്ട്സ് ഓഫീസർ, ആഡിററ്, ക്ലോക്ക് റൂം ഇൻചാർജ്, ഗാർഡ് കമാന്റർ, സ്റ്റോക്ക്ഫയൽ**